സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ തസ്തികയിലെ സ്ഥലംമാറ്റം - ജോയിനിംഗ് കാലയളവ് ക്രമപ്പെടുത്തുന്നത് സംബന്ധിച്ച്.ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 5600/21/Est-I** നന്തൻകോട്, **24/03/2021**

---

പരാമർശം :- 1) പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ശ്രീ. ബി.എസ്. ശ്രീകുമാറിന്റെ അപേക്ഷ.
2) 16-02-2021 ലെ ROC 5600/12/Est-1 നമ്പർ ബോർഡ് ഉത്തരവ്.
3) 18-02-2021 ലെ ROC 5600/12/Est-1 നമ്പർ പ്രൊസീഡിംഗ്സ്.

## ഉത്തരവ്

പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ശ്രീ.ബി.എസ്.ശ്രീകുമാർ, സ്ഥലംമാറ്റത്തോടനുബന്ധിച്ചുള്ള ജോയിനിംഗ് കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തണമെന്ന് വിവരിച്ച് ടിയാന്റെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ് (പരാമർശം -1).

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ തസ്തികയിലെ സ്ഥലംമാറ്റത്തോടനുബന്ധിച്ച് ദേവസ്വം കമ്മീഷണർ ആഫീസിൽ ഫിനാൻസ് & ഇൻസ്പെക്ഷൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആയിരുന്ന ശ്രീ. ബി.എസ്. ശ്രീകുമാറിനെ പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആയി സ്ഥലംമാറ്റി പരാമർശം 2 ബോർഡുത്തരവായി. ഈ ഉത്തരവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതിക്ക് വിധേയമായി പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആയിരുന്ന ശ്രീ. വി. കൃഷ്ണകുമാരവാര്യരെ ശബരിമല എക്സിക്യൂട്ടീവ് ആഫീസർ ആയും സ്ഥലംമാറ്റുന്നതിന് തീരുമാനിച്ചു.

ശ്രീ. ബി. എസ്. ശ്രീകുമാർ ജോലി നോക്കിയിരുന്ന തസ്തികയിലേക്ക് സ്ഥലംമാറ്റിയിരുന്ന ശ്രീ. പി. പത്മകുമാർ 17-02-2021 ൽ ചാർജ്ജ് എടുത്തതിനെ തുടർന്ന് 17-02-2021 AN ൽ ശ്രീ. ബി.എസ്. ശ്രീകുമാർ പ്രസ്തുത തസ്തികയിൽ നിന്നും റിലീവ് ആയിട്ടുള്ളതാണ്. ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ സ്ഥലംമാറ്റത്തിന് ബഹു: ഹൈക്കോടതിയുടെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 09-03-2021 ലെ ബോർഡുത്തരവിൻ പ്രകാരം ശ്രീ. വി. കൃഷ്ണകുമാരവാര്യർ 10-03-2021 FN ൽ

(മറുപുറം)

EDP

പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ തസ്തികയിൽ നിന്നും റിലീവ് ചെയ്തതിനെ തുടർന്ന് ശ്രീ. ബി.എസ്. ശ്രീകുമാർ 10-03-2021 FN ൽ ആണ് പ്രസ്തുത തസ്തികയിൽ ചാർജ്ജെടുത്തിട്ടുള്ളതെന്നും. അനുവദനീയമായ ജോയിനിംഗ് ടൈമിൽ കൂടുതൽ ഉപയോഗിക്കേണ്ടതായി വന്ന ടി സാഹചര്യത്തിൽ ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും റിലീവ് ചെയ്ത് പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ തസ്തികയിൽ ജോയിൻ ചെയ്തത് വരെയുള്ള (18-02-2021 മുതൽ 09-03-2021 വരെ) കാലയളവ് ഏതെങ്കിലും തസ്തികയിൽ ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവുണ്ടാകണ മെന്നും വിവരിച്ച് ശ്രീ. ബി.എസ്. ശ്രീകുമാർ അപേക്ഷ സമർപ്പിച്ചു.

പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

ശ്രീ. വി. കൃഷ്ണകുമാരവാര്യർ -നെ ശബരിമല എക്സിക്യൂട്ടീവ് ആഫീസറായി സ്ഥലംമാറ്റി നിയമിച്ച ഒഴിവിലാണ് ശ്രീ.ബി. എസ്.ശ്രീകുമാറിനെ പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറായി നിയമിച്ചത്. പ്രസ്തുത നിയമനത്തിന് ബഹു: ഹൈക്കോടതിയുടെ അനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം കാരണമാണ് ശ്രീ. വി. കൃഷ്ണകുമാരവാര്യരെ റിലീവ് ചെയ്യുന്നതിനും ശ്രീ. ബി.എസ്. ശ്രീകുമാറിന് ജോയിൻ ചെയ്യുന്നതിനും കാലതാമസം നേരിട്ടത്. ഈ സാഹചര്യത്തിൽ ശ്രീ. ബി.എസ്. ശ്രീകുമാറിന് അർഹതപ്പെട്ട ജോയിനിംഗ് ടൈമിന് ശേഷം 10-03-2021 തീയതിയിൽ ജോയിൻ ചെയ്യുന്നതുവരെയുള്ള ദിവസങ്ങൾ ഡ്യൂട്ടിയായി ക്രമീകരിച്ച് നൽകി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
4. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, പത്തനംതിട്ട
5. ശ്രീ. ബി.എസ്. ശ്രീകുമാർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, പത്തനംതിട്ട
6. ഇ.ഡി.പി. സെക്ഷൻ
7. മിനിറ്റ്സ് സെക്ഷൻ
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്
10. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK